അക്ബർരാമായണം: ഡോ. അസീസ് തരുവണ

ഡി സി ബുക്സ്

# പച്ചക്കുതിര

2022 ജൂലൈ | ₹ 25



## പ്രണയ വിസ്ഫോടനങ്ങൾ

ഡോ. ശ്രീകല മുല്ലശ്ശേരി
റാഷിദ നസ്രിയ
ഡോ. റാണി ബിനോയ്

## കവിതകൾ

പി.എം. ഗോവിന്ദനുണ്ണി
ഐഷു ഷഹ്ന
ശങ്കരൻ കോറോം

## കഥ

ഷനോജ് ആർ. ചന്ദ്രൻ

# എംടി

ജീവിതത്തെ കുറിച്ച് ഒരു അഭിമുഖ സംഭാഷണം

Scanned with CamScanner

ഡോ. അസീസ് തരുവണ



അക്ബർ ചക്രവർത്തിയുടെ കാലത്ത് വരയ്ക്കപ്പെട്ട രാമായണചിത്രങ്ങൾ

# അക്ബർ രാമായണം

**മതവിശ്വാസികൾ തമ്മിലുള്ള സ്പർദ്ധയുടേയും അകൽച്ചയുടേയും അടിസ്ഥാനകാരണം പരസ്പരമുള്ള അറിവില്ലായ്മയാണെന്ന അക്ബർ ചക്രവർത്തിയുടെ തിരിച്ചറിവും അവ പരിഹരിക്കുവാനുള്ള മാർഗ്ഗമെന്ന നിലയിൽ അദ്ദേഹം ആരംഭിച്ച വിവർത്തന പദ്ധതികളും വാസ്തവത്തിൽ ഇന്ത്യൻ ഇതിഹാസങ്ങളേയും പൗരാണിക ഭാരതീയ സാഹിത്യത്തേയും സ്വദേശത്തും വിദേശത്തും പ്രചരിപ്പിക്കുന്നതിൽ അനൽപ്പമായ പങ്ക് വഹിക്കുകയുണ്ടായി. മറ്റൊരർത്ഥത്തിൽ, സംസ്കൃത ബ്രാഹ്മണ കേന്ദ്രിതമായി നിലകൊള്ളുകയും ത്രൈവർണികർക്കിടയിൽ മാത്രം പ്രചാരം നേടുകയും ചെയ്തിരുന്ന വാല്മീകി രാമായണത്തെ അവധ്/പേർഷ്യൻ ഭാഷകളിലേക്ക് വിവർത്തനം ചെയ്യുക വഴി കൂടുതൽ ജനകീയമാക്കുകയാണ് മുഗളന്മാർ ചെയ്തത്.**

**മുഗൾ** സാമ്രാജ്യത്തിന്റെ മൂന്നാമത്തെ ചക്രവർത്തിയായിരുന്നു അക്ബർ. പിതാവായ ഹുമയൂൺ ചക്രവർത്തിയുടെ കാലശേഷം 1556 മുതൽ 1605 വരെ മുഗൾ സാമ്രാജ്യത്തിന്റെ അധിപനായി അദ്ദേഹം. എല്ലാ അർത്ഥത്തിലും മുഗൾ ചക്രവർത്തിമാരിൽ ഏറ്റവും ശക്തൻ. മഹാനായ അക്ബർ (Akbar the great) എന്നാണ് ചരിത്രത്തിൽ അദ്ദേഹം അറിയപ്പെടുന്നത്. ബാബർ, ഹുമയൂൺ തുടങ്ങിയ മുൻഗാമികൾക്ക് യുദ്ധങ്ങൾ നടത്തി, രാജ്യങ്ങൾ വെട്ടിപ്പിടിച്ച് സാമ്രാജ്യം സ്ഥാപിക്കുവാൻ മാത്രമേ സാധിച്ചിരുന്നുള്ളൂ. എന്നാൽ ശക്തമായ ഒരു ഭരണക്രമം കൊണ്ടുവന്നതും മുഗൾ സാമ്രാജ്യത്തിന്റെ ഖ്യാതി രാജ്യാതിർത്തിക്കപ്പുറത്തേക്ക് വ്യാപിപ്പിച്ചതും അക്ബർ ചക്രവർത്തിയാണ്. അതിനാൽ മുഗൾ സാമ്രാജ്യത്തിന്റെ മഹാശിൽപി എന്നും അക്ബർ അറിയപ്പെട്ടു. അക്ബറിന്റെ കാലത്താണ് മുഗൾ സാമ്രാജ്യം അതിന്റെ പരമോന്നതിയിലെത്തിയത് എന്ന് ചരിത്രത്തിൽ കാണാം[1]. മതസഹിഷ്ണതയുടേയും സാമുദായിക ഐക്യത്തിന്റേയും പ്രവാചകനായിരുന്നു അക്ബർന.

മതങ്ങൾ തമ്മിലുള്ള ഐക്യവും സഹിഷ്ണതയും ഊട്ടിയുറപ്പിക്കുന്നതിന് വേണ്ടി അക്ബർ ആത്മാർത്ഥമായി പരിശ്രമിക്കുകയുണ്ടായി. അതിനായി നിരവധി പദ്ധതികൾ അദ്ദേഹം ആവിഷ്ക്കരിച്ചു. മതപരമായ ചർച്ചകൾ നടത്തുന്നതിനു വേണ്ടി ഒരു സ്ഥിരം മന്ദിരംതന്നെ അക്ബർ പണിതു. ഫത്തേപ്പൂർ സിക്രിയിൽ പണി ചെയ്യപ്പെട്ട 'ഇബാദത്ത് ഖാന' എന്നറിയപ്പെടുന്ന ആ സൗധത്തിൽ അനവധി തവണ സർവമത സമ്മേളനങ്ങൾ വിളിച്ചുകൂട്ടിയിട്ടുണ്ട്. ഇത്തരം ചർച്ചകളിൽ സജീവ സാന്നിധ്യമായിരുന്ന അക്ബർ ചക്രവർത്തിയെ ഒരു മതവും പ്രത്യേകമായി ആകർഷിച്ചിരുന്നില്ല എന്നതാണ് യാഥാർത്ഥ്യം.

എല്ലാ മതസ്ഥരോടും സഹകരണവും സഹിഷ്ണുതയും പുലർത്തുക എന്ന തത്ത്വം (സുൽഹ്ഇകുൽ) അക്ബർ തന്റെ മതവിശ്വാസത്തിന്റേയും രാഷ്ട്രീയ പ്രവർത്തനങ്ങളുടെയും ഭാഗമായി കണ്ടു. തന്റെ രാജ്യനിവാസികളായ ഹിന്ദുക്കളും രജപുത്രരുമായി ഉറ്റ സൗഹൃദമാണ് അക്ബർ ചക്രവർത്തി പുലർത്തിയിരുന്നത്. അക്ബറിന് ഒരു രജപുത്രവംശജയായ ഭാര്യ (ജോധാഭായി എന്നും Jodha bai മറിയം ഉസ് സമാനി Mariam-uz Zamani എന്നും അവർ വിളിക്കപ്പെട്ടു)യുണ്ടായിരുന്നു. ഈ വിവാഹബന്ധം രജപുത്ര സമൂഹവുമായി ആത്മബന്ധം ഊട്ടിയുറപ്പിക്കുന്നതിന് ഏറെ സഹായകമായി.

ഏറ്റവും രസകരമായ വസ്തുത, ഹൈന്ദവ പുണ്യഗ്രന്ഥങ്ങളിൽ മുഗൾ കാലഘട്ടത്തിൽ പ്രക്ഷിപ്തമായി ചേർക്കപ്പെട്ട ചില 'അക്ബർസ്തുതി'കളാണ്. ഉദാഹരണമായി, വേദവ്യാസൻ രചിച്ചതെന്നു കരുതപ്പെടുന്ന കൃതിയാണ് ശ്രീഭവിഷ്യ മഹാപുരാണം. ഭാവിയിൽ സംഭവിക്കുവാൻ പോകുന്ന കാര്യങ്ങളാണ് ഈ കൃതിയിൽ പറയുന്നത്. ശ്രീഭവിഷ്യ പുരാണം പ്രതിസർഗ്ഗ പർവ്വം ഇരുപത്തിരണ്ടാം അധ്യായം ബാബർ,അക്ബർ എന്നിവരെക്കുറിച്ചുള്ളതാണ്. ഭാരതീയ ഹൈന്ദവ വിശ്വാസ സങ്കൽപ്പങ്ങളുമായി അക്ബർ ചക്രവർത്തിയെ വിളക്കി ചേർക്കുകയാണ് ഈ അധ്യായത്തിൽ.

അകബരൻ (അക്ബർ) എന്ന ഉപതലവാചകത്തിൽ ഇങ്ങനെ പറയുന്നു: 'അക്കാലത്ത് ശ്രീകൃഷ്ണൻ ശങ്കരാചാര്യരുടെ ഗോത്രത്തിൽ മുകുന്ദനെന്ന പേരിൽ അവതരിച്ചിരുന്നു. അദ്ദേഹം ബ്രഹ്മചര്യ കാലത്തു തന്നെ പ്രയാഗയിൽ തപസ്സനുഷ്ഠിച്ചു. ഒരിക്കൽ ഇരുപതു ശിഷ്യന്മാരും താനും പശുവിന്റെ രോമം കലർന്ന പാൽ കുടിച്ചുപോയി. ഈ പാപത്തിന്റെ പ്രായശ്ചിത്തത്തിന്നായി ദേഹത്യാഗം ചെയ്തു. പുനർജ്ജന്മത്തിൽ ഹേമായുസ്സിന്റെ പുത്രനായി അകബരൻ (അക്ബർ) എന്ന നാമധേയത്തിൽ ജനിച്ചു. ജനനസമയത്ത് ഈ ബാലൻ മഹായോഗ്യനായിത്തീരും; മഹാഭാഗ്യവാനാവും, നീച മാർഗ്ഗത്തിൽ പ്രവത്തിക്കുകയില്ല എന്നെല്ലാം അശരീരിയുണ്ടായി. അകബരൻ ജനിച്ച കാലത്തും പിതാവായ ഹേമായുസ്സ് കാശ്മീരിലായിരുന്നു. അദ്ദേഹം ദരിദ്രർക്കു ദാനങ്ങളും മറ്റും ചെയ്തു. പുത്രനേയും കൊണ്ട് ദേഹലിയിൽ വന്നു. അവിടെ വന്നുകൂടിയിരുന്ന ശാകന്മാരെ ജയിച്ചു രാജ്യഭാരം ഏറെറടുത്തു. അദ്ദേഹത്തിന്റെ കാലശേഷം അകബരൻ രാജാവായി. അകബരൻ അമ്പതു സംവത്സരം രാജ്യം ഭരിച്ചു. ഭരണം വളരെ വിശേഷമായിരുന്നു. മരണാനന്തരം വൈകുണ്ഠം പ്രാപിച്ചു. മുൻജന്മത്തിൽ തന്റെ ശിഷ്യന്മാരായി ഇരുപതുപേർ ഉണ്ടായിരുന്നുവല്ലോ. അവരിൽ ഏഴുപേർ പുനർജന്മം സ്വീകരിച്ച് അകബരന്റെ മന്ത്രിമാരായി. അവശേഷിച്ചവർ ഓരോരോ ദേശങ്ങളിൽ ജനിച്ചു[2]'.

ഈ കൃതിയിൽ പറയുന്നതു പോലെ അക്ബർ അമ്പതു വർഷമാണ് (1556-1605) രാജ്യം ഭരിച്ചത്. അക്ബറിന്റെ പിതാവായ ഹുമയൂണിനെ ഹേമായുസ്സ് എന്നാണ് ഈ കൃതിയിൽ നാമകരണം ചെയ്തിരിക്കുന്നത്. അക്ബർ ചക്രവർത്തിയെ കൃഷ്ണനുമായി ബന്ധിപ്പിക്കുകയാണ് ഈ പാഠം. ഇത്തരത്തിലുള്ള പ്രക്ഷിപ്തങ്ങളിലൂടെ ഹൈന്ദവ സമൂഹവുമായി അഭേദ്യമായ ബന്ധം സ്ഥാപിക്കുകയായിരുന്നു അക്ബർ.

വിവിധ മതസ്ഥരടങ്ങിയ തന്റെ സാമ്രാജ്യത്തിന്റെ ഭദ്രതയ്ക്ക് എല്ലാ വിഭാഗക്കാർക്കും സ്വീകാര്യമായതും സാമാന്യബുദ്ധിക്കു നിരക്കുന്നതുമായ ഒരു പുതിയ മതം സൃഷ്ടിക്കേണ്ടതായി അക്ബർ ചക്രവർത്തിക്കു തോന്നി. അങ്ങനെ 1582-ൽ 'ദീൻ ഇലാഹി' എന്ന പുതിയ മതം സ്ഥാപിച്ചു. എല്ലാ മതങ്ങളുടെയും സാരാംശം അതിൽ അടങ്ങിയിരുന്നു. ഏകദൈവത്തിലും സഹിഷ്ണുതയിലും സർവജനസാഹോദര്യത്തിലും മാത്രം വിശ്വാസമർപ്പിച്ച 'ദീൻ ഇലാഹി' അർത്ഥശൂന്യമായ മതാചാരങ്ങളെ എതിർത്തു. ദേശീയവും സംസ്കാരപ്രബുദ്ധവുമായ ജീവിതദർശനം കൈവരുത്തുകയായിരുന്നു ചക്രവർത്തിയുടെ പരമമായ ലക്ഷ്യം[3].

മാനവിക മൈത്രിക്കു വേണ്ടി ഏതറ്റം വരെ പോകുവാനും അക്ബർ ചക്രവർത്തി തയ്യാറായി. ഭിന്ന മതവിശ്വാസികൾക്കിടയിലെ അകൽച്ചയ്ക്കും അനൈക്യത്തിനുമുള്ള കാരണം സ്വമതം ഒഴികെയുള്ള മതങ്ങളെക്കുറിച്ചുള്ള തികഞ്ഞ അജ്ഞതയാണെന്ന് അദ്ദേഹം തിരിച്ചറിഞ്ഞു. ഈ അജ്ഞതയെ ഉച്ചാടനം ചെയ്യുവാനുള്ള പ്രതിവിധി മതങ്ങൾ തമ്മിലുള്ള സൗഹാർദ്ദം സ്ഥാപിക്കുവാനുള്ള അവസരങ്ങൾ ഒരുക്കലാണെന്ന് അക്ബർ മനസ്സിലാക്കി. അതിന്റെ ഭാഗമായി ഹൈന്ദവ പുണ്യഗ്രന്ഥങ്ങൾ പേർഷ്യൻ ഭാഷയിലേക്കു വിവർത്തനം ചെയ്യേണ്ടത് അനിവാര്യമാണെന്ന് അദ്ദേഹം വിശ്വസിച്ചു.

## പേർഷ്യൻ വിവർത്തനങ്ങൾ

1574-ൽ ഭാരതീയ ഗ്രന്ഥങ്ങളുടെ പേർഷ്യൻ വിവർത്തനത്തിനുള്ള ഒരു ബൃഹത് പദ്ധതി തന്നെ അക്ബർ ചക്രവർത്തി ആരംഭിച്ചു. അങ്ങനെ സംസ്കൃത സാഹിത്യത്തിലെ പ്രാമാ



Scanned with CamScanner

ണിക ഗ്രന്ഥങ്ങൾ ഏറെയും മുഗൾ വൈജ്ഞാനിക പാരമ്പര്യത്തിന്റെ ഭാഗമായി തീർന്നു.

1580-ൽ അക്ബർ വ്യാസ മഹാഭാരതം പേർഷ്യനിലേക്ക് വിവർത്തനം ചെയ്യുവാൻ നിർദ്ദേശം നൽകി. അതിന്റെ ഫലമായി യുദ്ധങ്ങളുടെ പുസ്തകം (Book of War) എന്നർത്ഥം വരുന്ന 'റസംനാമ' എന്ന പേർഷ്യൻ മഹാഭാരത വിവർത്തനമുണ്ടായി. അക്ബറുടെ കൊട്ടാരത്തിലെ സംസ്കൃത പേർഷ്യൻ പണ്ഡിതന്മാരുടെ സംയുക്ത പരിശ്രമഫലമായിട്ടാണ് ഈ വിവർത്തന സംരംഭം വിജയിച്ചത്. മഹാപണ്ഡിതനും അക്ബറുടെ ചരിത്രകാരനുമായ അബുൽ ഫാസൽ റസംനാമയ്ക്ക് ഉജ്ജ്വലമായൊരു ആമുഖ പഠനം തയ്യാറാക്കി. മഹാഭാരതത്തെ മുഗൾ കൊട്ടാരത്തിന്റെ രാഷ്ട്രീയ, മതകീയ താൽപര്യങ്ങളുമായി വിളക്കിച്ചേർക്കുന്നതായിരുന്നു ആ ആമുഖപഠനം. ഇന്തോ പേർഷ്യൻ സംസ്കൃതിയുടെ സമന്വയമായി തീർന്നു മഹാഭാരത വിവർത്തനാവിഷ്ക്കാരവും അതിന്റെ സുദീർഘമായ ആമുഖപഠനവും.

ഈ വിവർത്തനത്തിലെ എടുത്തു പറയേണ്ട സവിശേഷത, റസംനാമയിൽ പതിഞ്ഞ ഇസ്ലാമിക മുദ്രയാണ്. ഇസ്ലാമിന്റെ മൂല സിദ്ധാന്തമായ ഏകദൈവത്വ (തൗഹീദ്) ത്തിന് നിരക്കുന്ന വിധമാണ് റസമ്നാമയിലെ ഏറെക്കുറെ ചിത്രീകരണങ്ങളും. മഹാഭാരതത്തിന്റെ ഭാഗമായ ഭഗവത് ഗീതയുടെ വിവർത്തനത്തിലാകട്ടെ ഇസ്ലാമികാശയങ്ങളുടെ കുറേകൂടി പ്രകടമായ ആവിഷ്ക്കാരം കാണാമെന്ന് മഹാഭാരത ഗവേഷകർ വ്യക്തമാക്കുന്നു.

ഇസ്ലാമിക തത്വപ്രകാരം ദൈവത്തിന് അവതാരങ്ങളോ ഭാര്യാ സന്താനങ്ങളോ ഇല്ല. ദൈവം ഏകനാണ്. ദൈവത്തിന്റെ ഏകത്വത്തിൽ പങ്കു ചേർക്കൽ കൊടിയ പാപമാണ് (ശിർക്ക്). ദൈവത്തിൽ നിന്നുള്ള സന്ദേശങ്ങൾ മനുഷ്യരിൽ എത്തിക്കുന്നവരാണ് പ്രവാചകന്മാർ. ചരിത്രത്തിന്റെ ഭിന്ന ദശാസന്ധികളിൽ വ്യത്യസ്ത സമൂഹങ്ങളിൽ ഒരു ലക്ഷത്തി ഇരുപത്തിനായിരത്തിലേറെ പ്രവാചകന്മാർ ഭൂമുഖത്ത് ആഗതരായിട്ടുണ്ടെന്നാണ് ഇസ്ലാമിക വിശ്വാസം. ഈ പ്രവാചകന്മാരിലെല്ലാം വിശ്വസിക്കൽ ഒരു മുസ്ലിമിനു മതവിശ്വാസത്തിന്റെ ഭാഗമാണ്. തീർച്ചയായും ഇന്ത്യയിൽ നിരവധി പ്രവാചകന്മാർ ഉണ്ടായിട്ടുണ്ടാകാമെന്നും



അക്ബർ

ശ്രീകൃഷ്ണൻ അത്തരമൊരു പ്രവാചകനായിരിക്കാമെന്നും വിശ്വസിക്കുന്ന മുസ്ലിം വിഭാഗങ്ങളുണ്ട്.

(ശ്രീകൃഷ്ണനെക്കുറിച്ച് മുഹമ്മദ് നബി പറഞ്ഞ ഒരു വാചകം പൗരാണിക ഹദീസ് (പ്രവാചക വചനങ്ങൾ) ഗ്രന്ഥങ്ങളിൽ കാണാം. ഹിജ്റ വർഷം അഞ്ചാം നൂറ്റാണ്ടിൽ ജീവിച്ച ഹദീസ് പണ്ഡിതൻ ദയ് ലമി തന്റെ ഫിർദൗസുൽ അഖ്ബാർ, താരിഖുൽ ഹമദാൻ എന്നീ ഗ്രന്ഥങ്ങളിൽ മുഹമ്മദ് നബി കൃഷ്ണനെപ്പറ്റി പറഞ്ഞ ഒരു വചനം ഇങ്ങനെ നൽകുന്നു: 'കാന ഫിൽ ഹിന്ദി നബിയ്യുൻ അസ്വദു ല്ലൗനി ഇസ്മുഹു കാഹിന (ഇന്ത്യയിൽ കാർവർണ്ണനായ ഒരു പ്രവാചകൻ (നബി) ഉണ്ടായിരുന്നു. കാഹിന എന്നായിരുന്നു അദ്ദേഹത്തിന്റെ പേര്). ഹിജ്റ വർഷം ഏഴാം നൂറ്റാണ്ടിൽ ജീവിച്ച ശൈഖുൽ അക്ബർ ഹസ്രത്ത് മുഹ് യിദ്ദീനുൽ അറബി അടക്കമുള്ള നിരവധി പണ്ഡിതന്മാർ തങ്ങളുടെ കൃതികളിൽ ഈ തിരുവചനം ഉദ്ധരിച്ചിട്ടുണ്ട്. കാഹിന എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് കനയ്യയെ (കൃഷ്ണൻ) യാണ് എന്ന് വ്യക്തം[4].

ഗീതയുടെ പേർഷ്യൻ വിവർത്തനത്തിൽ ശ്രീകൃഷ്ണൻ ദൈവമോ അവതാര പുരുഷനോ അല്ല; ഒരു പ്രവാചകൻ മാത്രമാണ്. ദൈവത്തിന്റെ സന്ദേശ വാഹകൻ മാത്രമാണ് താനെന്ന് ഗീതയുടെ പേർഷ്യൻ പരിഭാഷയുടെ അവസാന ഭാഗത്ത് കൃഷ്ണൻ അർജ്ജുനനോട് പറയുന്നു. 'ദൈവഹിതം അവർ വധിക്കപ്പെടണം എന്നതിലാണെന്ന കാര്യം തനിക്കറിയാമെന്ന് കൃഷ്ണൻ അർജ്ജുനനോട് പറയുന്നു. ദൈവഹിതത്തിലോ അതിന്റെ പരിണത ഫലങ്ങളിലോ താൻ ഇടപെടുന്നില്ലെന്നും കൃഷ്ണൻ 'രസംനാമ'യിൽ പറയുന്നു.

ഏകദൈവ സങ്കൽപ്പത്തിനെതിരെയുള്ള (ശിർക്ക്) വിഗ്രഹാരാധന അടക്കമുള്ള പാഠ സ്വരൂപങ്ങളെ പൊതുവെ മുഗളർ പ്രോത്സാഹിപ്പിച്ചിരുന്നില്ല. വരാഹമിഹിരന്റെ ബൃഹദ് സംഹിത പേർഷ്യൻ ഭാഷയിലേക്ക് വിവർത്തനം ചെയ്തപ്പോൾ വിഗ്രഹങ്ങളെയും വിഗ്രഹാരാധനയേയും സംബന്ധിച്ച എട്ട് അധ്യായങ്ങൾ വിട്ടുകളയുകയാണുണ്ടായത്. വിവർത്തനബൃഹദ് പദ്ധതിയുടെ ഭാഗമായി ഇതേ കാലത്തു നിരവധി സംസ്കൃത കൃതികൾ പേർഷ്യൻ ഭാഷയിലേക്ക് മൊഴിമാറ്റം ചെയ്യപ്പെടുകയുണ്ടായി.



രാമായണകഥ പതിച്ച നാണയങ്ങൾ



Scanned with CamScanner

1575 ൽ ഫയ്സി ബദൗനി സംസ്കൃത കഥകളുടെ സമാഹാരമായ സിംഹാസനദ്വാത്രിംശിക പേർഷ്യനിലേക്ക് മൊഴിമാറ്റി. പഞ്ചതന്ത്രം, മഹാഭാരതത്തിലെ നളകഥ, സംസ്കൃത ഭാഷയിൽ വിരചിതമായ ജ്യോതിശാസ്ത്രഗണിതശാസ്ത്ര ഗ്രന്ഥങ്ങൾ, ഭാസ്കരാചാര്യരുടെ ഗണിത ശാസ്ത്ര ഗ്രന്ഥമായ ലീലാവതി തുടങ്ങിയ നിരവധി സാഹിത്യ വൈജ്ഞാനിക ഗ്രന്ഥങ്ങളുടെ പേർഷ്യൻ മൊഴിമാറ്റങ്ങൾ മികച്ച ഉദാഹരണമാണ്.

> 'അക്ബർ വര രാമായണങ്ങൾ' വ്യത്യസ്തവും മൗലികവുമായ രാമായണത്തിന്റെ മറ്റൊരു പാഠരൂപമാണ്. പാരമ്പര്യ കലാരൂപങ്ങളിൽ ആവിഷ്കൃതമായ രാമായണ കഥാപാത്രങ്ങളിൽ നിന്ന് വ്യത്യസ്തമായ രാമനേയും സീതയേയും മറ്റും ഭാവനാ സ്വാതന്ത്ര്യത്തോടെ അവർ സൃഷ്ടിക്കുകയായിരുന്നു. കഥ രാമന്റേയും സീതയുടേയുമാണെങ്കിലും ചിത്രം മുഗൾ വേഷം കെട്ടിയ രാമന്റെയും സീതയുടേയും ഹനുമാന്റേയും മറ്റുമാണ് എന്നതാണ് ഏറെ കൗതുകകരം.

## രാമായണ വിവർത്തനങ്ങൾ

1574-ൽ അക്ബർ ചക്രവർത്തി തന്റെ രാജ്യതലസ്ഥാനമായ ഫത്തേപൂർ സിക്രിയിൽ വിവർത്തന പ്രവർത്തനങ്ങൾക്കായി ഒരു ഭവനം (മക്തബ്ഖാന) ആരംഭിച്ചു. സംസ്കൃതം, അറബിക്, ടർക്കിഷ് ഭാഷകളിൽ നിന്നെല്ലാമുള്ള നിരവധി ഗ്രന്ഥങ്ങൾ അങ്ങനെ പേർഷ്യനിലേക്ക് വിവർത്തനം ചെയ്യപ്പെട്ടു. അതിവിപുലമായ ഈ വിവർത്തന പദ്ധതിയുടെ ഭാഗമായാണ് രാമായണം പേർഷ്യൻ ഭാഷയിലേക്ക് വിവർത്തനം ചെയ്യപ്പെട്ടത്. അക്ബർ കാലഘട്ടത്തിലും പിൽക്കാല മുഗൾ കാലഘട്ടത്തിലും പ്രധാനമായും രാമായണത്തിനു രണ്ടുതരം വിവർത്തനങ്ങൾ ഉണ്ടായിട്ടുണ്ട്. ഒന്ന്, പേർഷ്യൻ ഭാഷയിലേക്കുള്ള രാമായണ പരിഭാഷകൾ. രണ്ട്, ചിത്രരാമായണങ്ങൾ.

വാല്മീകി രാമായണത്തേയും തുളസിദാസിന്റെ രാമചരിതമാനസത്തേയും ആധാരമാക്കി ഇരുപതിലേറെ പരിഭാഷകൾ പേർഷ്യൻ സാഹിത്യത്തിൽ ഉണ്ടായിട്ടുണ്ട്. ഇതിൽ മുല്ല അബ്ദുൽ ഖാദിർ ബദായൂനി പേർഷ്യൻ ഭാഷയിലേക്ക് പദ്യരൂപത്തിൽ വിവർത്തനം ചെയ്ത കൃതിയാണ് ഒന്നാമത്തേത്. ക്രി.വ.1584-1589 ലാണ് ഈ വിവർത്തനം നടന്നത്.

അക്ബർ ചക്രവർത്തിയുടെ കൊട്ടാരം ചരിത്രകാരനും മഹാപണ്ഡിതനുമായിരുന്ന അബു ഫസൽ ഈ പരിഭാഷയെക്കുറിച്ച് പറയുന്നത് ഇങ്ങനെ: ഹിന്ദുക്കളും മുസ്‌ലിംകളും തമ്മിലുള്ള വിദ്വേഷം ഇല്ലാതാക്കാൻ അക്ബർ ചക്രവർത്തിയുടെ നിർദ്ദേശപ്രകാരമാണ് ഈ പരിഭാഷ നിർവ്വഹിക്കപ്പെട്ടത്. മതങ്ങൾ തമ്മിലുള്ള വിദ്വേഷത്തിന്റെ കാരണം പരസ്പരമുള്ള അജ്ഞതയാണ്. ഈ അജ്ഞതയുടെ തമസ്സിനെ ഇല്ലാതാക്കണമെങ്കിൽ മത വിശ്വാസികൾ തമ്മിൽ അടുത്തറിയണം. മതഗ്രന്ഥങ്ങളിൽ പറയുന്ന തത്വങ്ങൾ പരസ്പരം തിരിച്ചറിയണം. രാമായണത്തിന്റെ പേർഷ്യനിലേക്കുള്ള പരിഭാഷയിലൂടെ അക്ബർ ചക്രവർത്തി ലക്ഷ്യമാക്കിയത് ഇത്തരമൊരാശയമാണ്[5]."

സംസ്കൃതത്തിലുള്ള വാൽമീകി രാമായണത്തിന്റെ സ്വതന്ത്രവും വ്യത്യസ്തവുമായ പരിഭാഷയായിരുന്നു ബദായൂനിയുടെ പേർഷ്യൻ പരിഭാഷ. ഈ തർജ്ജുമയിലൂടെ ബ്രാഹ്മണപാഠമായ വാല്മീകി രാമായണത്തെ ഹിന്ദു മുസ്‌ലിം സൗഹാർദ്ദത്തിന്റെ പാലമായി അക്ബർ ചക്രവർത്തി ഉപയോഗപ്പെടുകയായിരുന്നു. അതിനായി അദ്ദേഹം വാല്മീകി രാമായണത്തിൽ ചില മാറ്റിത്തിരുത്തലുകൾ വരുത്തി. ഈ രാമായണ പാഠത്തെ 'അക്ബർ രാമായണ'മെന്നു വിശേഷിപ്പിക്കാറുണ്ട്. ഇതിൽ മനോഹരമായ 176 ചിത്രങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.

അക്ബറിന്റെ മാതാവ് ഹമീദാബാനു അമൂല്യ ഗ്രന്ഥങ്ങൾ ശേഖരിക്കുന്നതിൽ ഏറെ തൽപരയായിരുന്നു. 'അക്ബർ രാമായണം' മൂലകയ്യെഴുത്തുപ്രതിയിൽ ഹമീദാബാനുവിന്റെ ഉടമസ്ഥാവകാശം സൂചിപ്പിക്കുന്ന മുദ്ര പതിപ്പിച്ചിരുന്നുവത്രെ. 1604ൽ ഹമീദാബാനുവിന്റെ മരണക്കിടക്കയിൽ പോലും കൈയെഴുത്തുപ്രതികൾ കണ്ടതായി രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്. പിന്നീട് ജഹാംഗീറും ഷാജഹാനും ഔറംഗസേബും പ്രസ്തുത കൈയെഴുത്തുപ്രതിയിൻ തങ്ങളുടെ മുദ്ര പതിപ്പിച്ചു. അക്ബറിന്റെ അനുമതിയോടെ അബ്ദുർ റഹീം ഖാൻ നിർമ്മിച്ച ഈ കൈയെഴുത്ത് പ്രതിയുടെ തനിപ്പകർപ്പ് ഇപ്പോൾ വാഷിംഗ്ടണിലെ ഫ്രീ ആർട്ട് ഗാലറിയിൽ സൂക്ഷിച്ചിട്ടുണ്ട്.

## അക്ബർ വര രാമായണം

അക്ബർ കാലഘട്ടത്തിൽ ആവിഷ്ക്കരിക്കപ്പെട്ട രാമായണ കഥാസന്ദർഭങ്ങൾ ആലേഖനം ചെയ്ത മനോഹരവും വ്യത്യസ്തവുമായ ചിത്രങ്ങൾ (Paintings) ഇതോടൊപ്പം ചേർത്തു വായിക്കേണ്ടതാണ്. അവ അക്ബർ ചക്രവർത്തിയുടെ രാഷ്ട്രീയ താൽപര്യങ്ങൾക്കപ്പുറം അദ്ദേഹത്തിന് ഹിന്ദുമതത്തോടും ഹൈന്ദവ ഗ്രന്ഥങ്ങളോടുമുള്ള താൽപര്യം, വ്യത്യസ്ത സാംസ്ക്കാരിക പശ്ചാത്തലങ്ങളിലുള്ള കലയും സാഹിത്യവും അടുത്തറിയുവാനുള്ള അന്വേഷണത്വര, അതിലേറെ ചിത്രകലയോടുള്ള അതിരറ്റ അഭിനിവേശം എന്നിങ്ങനെ ഭിന്നതലങ്ങളിൽ വിശകലനം അർഹിക്കുന്നവയാണ്. അക്ബർ ചക്രവർത്തി ചിത്രകലയെ സ്നേഹിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തതായി അബുൽ ഫസൽ രേഖപ്പെടുത്തിയിട്ടുണ്ട്[6]. ചിത്രകലയോടുള്ള അക്ബറിന്റെ താൽപര്യം അക്കാലത്തുതന്നെ രാജ്യാതിർത്തികൾക്കപ്പുറത്തേക്കെത്തുകയും ധാരാളം വിദേശീയരായ ചിത്രകാരന്മാർ അക്ബറിന്റെ രാജകൊട്ടാരത്തിൽ എത്തിച്ചേരുകയും ചെയ്തതായി ചരിത്രത്തിൽ കാണാം. ചിത്രകലയെ പ്രോത്സാഹിപ്പിക്കുക മാത്രമല്ല, ചിത്രകല അഭ്യസിക്കുകയും ചെയ്തിരുന്നു അക്ബർ. അബ്ദുസ്സമദ്, മിർ സയ്യിദ് അലി എന്നീ പ്രഗത്ഭരായ ചി

ത്രകാരന്മാരുടെ കീഴിലാണ് അക്ബർ ചിത്രകല അഭ്യസിച്ചിരുന്നത്[7].

എല്ലാ അർത്ഥത്തിലും ചിത്രകലയുടെ പുഷ്ക്കലമായ കാലഘട്ടമായിരുന്നു മുഗൾ കാലഘട്ടം; പ്രത്യേകിച്ച് അക്ബർ ഘട്ടം[8].

അക്ബർ ചക്രവർത്തി ചിത്രങ്ങളെ മാത്രമല്ല, പുസ്തകങ്ങളേയും അഗാധമായി സ്നേഹിച്ച സഹൃദയനായിരുന്നു. ഫത്തേപൂർസിക്രിയിൽ പല ഭാഷകളിൽ നിന്നുള്ള ഗ്രന്ഥങ്ങൾ അടങ്ങിയ ലൈബ്രറി (കിത്താബ് ഖാന)യും അതോടൊപ്പം തസ്വീർ ഖാന (Painting work shop) യും അദ്ദേഹം സ്ഥാപിച്ചു. ഈ സ്ഥാപനങ്ങളുടെ ക്രമീകരണവും പ്രവർത്തനവും എവ്വിധമായിരുന്നു എന്നതിനെപ്പറ്റി അബുൽ ഫസൽ തന്റെ ഐൻ ഇ അക്ബരിയിൽ വിവരിച്ചിട്ടുണ്ട്[11].

പെയിന്റിംഗ് വർക്ക്ഷോപ്പി (തസ്വീർ ഖാന)ന്റെ സുഗമമായ പ്രവർത്തനം ഉറപ്പുവരുത്താൻ അക്ബർ ചക്രവർത്തി പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ഏറ്റവും മികച്ച മെറ്റീരിയലുകൾ (പേപ്പർ, ബ്രഷുകൾ, കളറുകൾ...) ലഭ്യമാക്കുന്നതിനു വേണ്ടി അദ്ദേഹം പണം ചെലവഴിക്കുവാൻ ഒട്ടും മടിച്ചിരുന്നില്ല. കൂടാതെ കലാകാരന്മാർക്ക് മികച്ച പ്രതിഫലവും അദ്ദേഹം നൽകി. അക്ബർ ചക്രവർത്തിയുടെ പ്രചോദനവും പ്രോത്സാഹനവും മൂലം കലാകാരന്മാർക്ക് രാജകൊട്ടാരത്തിൽ ഉയർന്ന പദവിയായിരുന്നു ലഭിച്ചിരുന്നത്[10].

അക്ബർ കാലഘട്ടത്തിൽ വരയ്ക്കപ്പെട്ട രാമായണചിത്രങ്ങളെ വിശകലനം ചെയ്യുമ്പോൾ ഇത്തരം ചില വസ്തുതകളെ വിസ്മരിക്കാനാവില്ല. വാസ്തവത്തിൽ, 'അക്ബർ വര രാമായണങ്ങൾ' വ്യത്യസ്തവും മൗലികവുമായ രാമായണത്തിന്റെ മറ്റൊരു പാഠരൂപമാണ്. പാരമ്പര്യ കലാരൂപങ്ങളിൽ ആവിഷ്കൃതമായ രാമായണ കഥാപാത്രങ്ങളിൽ നിന്ന് വ്യത്യസ്തമായ രാമനേയും സീതയേയും മറ്റും ഭാവനാ സ്വാതന്ത്ര്യത്തോടെ അവർ സൃഷ്ടിക്കുകയായിരുന്നു. കഥ രാമന്റേയും സീതയുടേയുമാണെങ്കിലും ചിത്രം മുഗൾ വേഷം കെട്ടിയ രാമന്റേയും സീതയുടേയും ഹനുമാന്റേയും മറ്റുമാണ് എന്നതാണ് ഏറെ കൗതുകകരം.

ഈ ചിത്രങ്ങളിൽ രാമലക്ഷ്മണന്മാരെയോദ്ധാക്കളായാണ് ചിത്രീകരിച്ചിരിക്കുന്നത്. അരമണി കിലുക്കി സീതയെ കാണാൻ കടന്നുവരുന്ന ഹനുമാന്റെ ചിത്രത്തിൽ വായ്ഭാഗം



*ദാരാഷുക്കോവ്*

ഒഴിച്ചു ഒരു കുരങ്ങനല്ല. കിരീടം വച്ച രോമരഹിതനായ ഒരു മനുഷ്യനാണ്. മറ്റൊരു ചിത്രത്തിൽ പേർഷ്യൻ ശൈലിയിൽ പണിത മട്ടുപ്പാവിലാണ് മുഗൾ കാലത്തെ ഒരു മുസ്ലിം രാജകുമാരിയെ പോലെ സീത നിൽക്കുന്നത്. രാജസ്ഥാനി ശൈലിയിലുള്ള ചെറിയ ബ്ലൗസും (ചോളി) നീളമുള്ള പാവാടയു (ഗാഗ്ര)മാണ് സീത ധരിച്ചിരിക്കുന്നത്. ഒറ്റ നോട്ടത്തിൽ ഒരു മുസ്ലിംയുവതി തന്നെ. അതുപോലെ ദശരഥന്റെ അന്ത്യരംഗം ചിത്രീകരിക്കുന്ന ഒരു ചിത്രത്തിൽ മുഗൾ മിനിയേച്ചർ ചിത്രണത്തിൽ പതിവില്ലാത്ത ഒരു ഭാവഗീതാത്മക നിയന്ത്രണം കാണാം. വാല്മീകിരാമായണത്തിൽ, രാവണൻ സീതയെ പാർപ്പിക്കുന്നത് കാട്ടിൽ, അശോകവൃക്ഷച്ചുവട്ടിലാണെങ്കിൽ, അക്ബറുടെ കൊട്ടാരത്തിൽ വരച്ച ചിത്രത്തിൽ സീത ഒരു അന്തഃപുരവാസിയാണ്. തട്ടിക്കൊണ്ടു പോകപ്പെട്ട ഒരു സ്ത്രീയുടെ ഒറ്റപ്പെടൽ, എല്ലാ സംസ്കാരങ്ങളിലും ഏതു സന്ദർഭത്തിലും ഒരേ ഭാവമുള്ളതു തന്നെ. ആ ഭാവത്തിലാണ് മുഗൾ മാനുസ്ക്രിപ്റ്റിലെ ചിത്രീകരണത്തിന്റെ ഊന്നൽ. ഹിന്ദു നാമധാരികളായ ചിത്രകാരന്മാരായിരുന്നു അതിൽ ഏറെയും വരച്ചത്. രാമായണ പാരമ്പര്യത്തിൽ അവഗാഹമുണ്ടായിരുന്നുവെങ്കിലും മുഗൾ ശൈലിയിൽ രാമായണ കഥാസന്ദർഭങ്ങൾ വരയ്ക്കുക എന്നതായിരുന്നു അവർ നേരിട്ട പ്രധാന വെല്ലുവിളി[11].

ബദായൂനിയുടെ പേർഷ്യൻ രാമായണത്തോടൊപ്പം ചേർത്ത 176 ചിത്രങ്ങളിലെ പ്രമേയതലം മാത്രമല്ല ശൈലീപരമായ സവിശേഷതകളും പഠനവിധേയമാക്കപ്പെട്ടിട്ടുണ്ട്. ഗ്രിഗറി മിനിസാലെ, മുഗൾ ചിത്രങ്ങളിലെ രൂപകമായ ദൃശ്യഘടകങ്ങളെയും അവയുടെ ധ്വനിസാധ്യതകളെയും സാഹിത്യ പരാമർശങ്ങളെ അടിസ്ഥാനമാക്കി വ്യാഖ്യാനിച്ചിട്ടുണ്ട്. ഉദാഹരണമായി, ചില ചിത്രങ്ങളിൽ ഉപരിപ്ലവഘടകമായി കാണപ്പെടുന്ന ഗുഹ, ആളുകൾ അഭയം തേടുന്നതോ നിഗൂഢജ്ഞാനമോ വെളിപാടോ സ്വീകരിക്കുന്ന ഇടത്തെ പ്രതിനിധീകരിക്കുന്നു. അതുപോലെ ജലപാത്രം ജീവിതത്തിന്റെ പ്രതീകമാണ്. മുഗൾചിത്രങ്ങളിൽ കാണുന്ന അഗ്നി അനേക അർത്ഥതലങ്ങളുള്ള ഒരു പ്രതീകമാണ്. അത് സത്യത്തിന്റെ പ്രതീകമാണ്. പ്രപഞ്ചത്തെ മുഴുവൻ നശിപ്പിക്കുന്ന ഒരു വിപത് സൂചകമായും ശുദ്ധീകരണ ശക്തിയായും ഭിന്ന സന്ദർഭങ്ങളിൽ ഉപയോഗിച്ചതായി കാണാം[12].

കേശു, ലാൽ, മിസിണൻ, ബസവൻ, മഹേഷ്, മിസ്കിൻ, ജഗൻ, നദീം, മുഷ്ഫിഖ്, ഗോവർദ്ധൻ, ശ്യാമസുന്ദര, യൂസഫലി, മണ്ടോ തുടങ്ങിയവർ അക്ബറുടെ രാജകൊട്ടാരത്തിലെ പ്രധാന ചിത്രകാരന്മാരായിരുന്നു[13]. അവർ ഇന്തോ പേർഷ്യൻ ചിത്രകലയുടെ ഒരു പുതുമാതൃക സൃഷ്ടിക്കുകയാണ് ചെയ്തത്. അതിൽ ഇസ്ലാമിക് വാസ്തുബോധം ഉൾച്ചേർക്കാനും അവർ മറന്നിരുന്നില്ല. അതുകൊണ്ട് ഹൻസാനാമ (വീരസാഹസകഥയുടെ ചിത്രീകരണം) രസംനാമ (മഹാഭാരത ചിത്രീകരണം) തുടങ്ങിയ മറ്റു ചിത്രപുസ്തകങ്ങളിൽ എന്നപോലെ തന്നെ, ഹിന്ദുവിന്റേയോ മുസ്ലിമിന്റേയോ അപരത്വത്തിനു മുഴുവൻ മിഴിവ് കൊടുക്കാതെ അവയെ ഒരു നയോപായമായി ഇഴുക്കിയെടുക്കാൻ കഴിഞ്ഞതിന്റെ സൗന്ദര്യം മുഗൾ രാമായണത്തിനുമുണ്ട്. ഒരർത്ഥത്തിൽ, ചിത്രകലയെ നയതന്ത്ര രക്ഷോപായമായി ഒരു ഭരണാധികാരി ഉപയോഗിച്ചതിന്റെ തെളിവുകളാണ് അക്ബർ രാമായണം.

വനത്തിലേക്കു പോകുന്ന രാമന്റേയും സീതയുടെയും ഛായാചിത്രങ്ങളുള്ള, അക്ബർ തന്റെ ഭരണകാലത്ത് പുറത്തിറക്കിയ സ്വർണ്ണനാ



Scanned with CamScanner



*'അക്ബർരാമായണം': സീതയെ സന്ദർശിക്കുന്ന ഹനുമാൻ*

ണയങ്ങൾ പ്രസിദ്ധമാണ്. ഒരു പക്ഷേ, അക്ബർ വരപ്പിച്ച രാമായണ ചിത്ര (Ramayana Paintings) ങ്ങളെക്കാൾ അ ക്കാലത്ത് ജനകീയാംഗീകാരം കിട്ടിയിട്ടുണ്ടാവു ക ഈ നാണയങ്ങൾക്കായിരിക്കണം. ലഖ്നൗ, വാരാണസി, ലണ്ടൻ എന്നിവിടങ്ങളിലെ മ്യൂസിയങ്ങളിൽ ഈ നാണയം സൂക്ഷിച്ചിട്ടുണ്ട്[14].

## രാമായണ മസീഹി

അക്ബർ ചക്രവർത്തിയുടെ മകനും മുഗൾ സാമ്രാജ്യത്തിലെ നാലാമത്തെ ചക്രവർത്തിയുമായ ജഹാംഗീറി (പൂർണ്ണനാമം: നൂറുദ്ദീൻ സലീം ജഹാംഗീർ, 1569 ഓഗസ്റ്റ് 31– 1627 ഒക്ടോബർ 28) ന്റെ കാലത്ത് രചിക്കപ്പെട്ട രാമായണത്തിന്റെ രണ്ടു പേർഷ്യൻ പരിഭാഷകൾ ഏറെ പ്രസിദ്ധമാണ്. അതിലൊന്ന് തുളസീദാസിന്റെ സമകാലീകനായ ഗിരിധരദാസൻ ചെയ്ത വാല്മീകിരാമായണത്തിന്റെ പാർസി ഭാഷയിലുള്ള പദ്യ പരിഭാഷയാണ്. വാല്മീകിരാമായണത്തിന്റെ സംക്ഷേപിതരൂപമാണ് ഈ പരിഭാഷ.

രണ്ടാമത്തേത് കവിയും ബഹുഭാഷാ പണ്ഡിതനുമായ മുല്ലാ മസീ

ശ്രീരാമനെ ദൈവീകഗുണങ്ങളുള്ള ഒരു മനുഷ്യനായാണ് രാമായണ മസീഹിൽ ചിത്രീകരിക്കുന്നത്. ഈ കാവ്യത്തിന്റെ ഏറ്റവും പ്രധാന സവിശേഷത, യേശു, മറിയം തുടങ്ങിയ ബൈബിളിലെ കഥാപാത്രങ്ങളെപ്പറ്റി ഉപമാനരൂപത്തിൽ പലേടത്തായി പ്രസ്താവിക്കുന്നു എന്നതാണ്. ഒപ്പം, ഖുർആനും ഇറാനിയൻ സാഹിത്യവുമൊക്കെയായി ബന്ധപ്പെട്ട എണ്ണമറ്റ വാക്കുകളും സൂചനകളും ഈ കാവ്യത്തിൽ ഉപയോഗിക്കുകയും ചെയ്തിട്ടുണ്ട്.

ഹ് (മുല്ല ഷെയ്ഖ് സാദുള്ളഹ കൈരാനവി)പാർസിയിൽ രചിച്ച രാമായണമസീഹി എന്ന കൃതിയാണ്[15].

പാർസി രാമായണങ്ങളിൽ ഏറെ പ്രസിദ്ധമാണ് ഈ കൃതി. മുല്ലാമസീഹ് ഉത്തർപ്രദേശിലെ മുസഫർ നഗരത്തിന്റെ സമീപസ്ഥ ഗ്രാമമായ കൈരാന സ്വദേശിയായിരുന്നു. ബനാറസിൽ പന്ത്രണ്ടു വർഷം ചെലവഴിച്ച് അദ്ദേഹം സംസ്കൃതഭാഷയും സാഹിത്യവും പഠിച്ച ശേഷമാണ് രാമായണ മസീഹ് രചിച്ചത്. വാല്മീകി രാമായണത്തെ അവലംബിച്ചു കൊണ്ടുള്ള സ്വതന്ത്ര പരിഭാഷയാണ് രാമായണ മസീഹ്. ദശരഥയാഗം മുതൽ ലവകുശയുദ്ധത്തിനു ശേഷം സീതയുടെ ഭൂമി പ്രവേശം വരെയുള്ള രാമകഥ മുഴുവൻ ഇതിൽ ആവിഷ്ക്കരിക്കുന്നുണ്ട്. രാമായണത്തെ പ്രണയകഥയായിട്ടാണ് കവി അവതരിപ്പിക്കുന്നത്. ശ്ലോകത്തിനു പകരം ഈരടികളായിട്ടാണ് കഥ പറയുന്നത്. കാവ്യം ആരംഭിക്കുന്നത്: ഖുവാന്ദ സാ ജാം ഇ ഇഷ്ക് കുൻ മസ്ത്, കെ ദേർ മസ്തി ഫിഷാനം ബാർ ജഹാൻ അസ്ത് Khuawanda za jaam e ishq kun mast, ke der masti fishanam bar jahaan ast (ദൈവമേ, എത്തുന്നിടത്തെല്ലാം ലഹരി പരത്താനായി, സ്നേഹത്തിന്റെ വീഞ്ഞാലെന്നെ മത്തുപിടിപ്പിക്കൂ.) എന്ന വരികളോടെയാണ്.

സീതയുടെ പരിശുദ്ധിയെ പ്രകീർത്തിച്ചു കൊണ്ടു രാമായണ മസീഹിയിൽ ഇങ്ങനെ പറയുന്നു: തനിഷ് /തനാഷ് രാ പൈര ഹൻ ഊര്യൻ നദീദ / ചു(ജൈജസേ) ജാൻ ആൻഡർ ഇ താൻ വാ താൻ ഇജ്ജാൻ ന ദീദ (Her nakedness was not revealed even to her garments; For she was in her robes like an unseen soul in a body). (വസ്ത്രത്തിനകത്ത് ശരീരം ഒളിപ്പിച്ച അദൃശ്യയായ ആത്മാവായിരുന്നവൾ. സ്വന്തം ഉടയാടകൾ പോലുമവളുടെ നഗ്നത കണ്ടില്ല) സീത ഭൂമിപിളർന്ന് അപ്രത്യക്ഷമാകുന്ന രംഗം ഇങ്ങനെ ആവിഷ്ക്കരിക്കുന്നു: ഗരേബാൻ ജമീൻ ഷുദ് നാഗഹാൻ ചാക്ക്, ദാർ ആമദ് ഹംചുൻ ജാൻ ദാർ ഖാലിബ് ഖാക്ക് (Garebaan zameen shud nagahaan chaak, Dar aamad humchuu'n jaan dar qaalib khaak). Suddenly the earth gaped, And, as a soul enters a body, she was taken in. ഭൂമി പിളർന്നു ആത്മാവ് ശരീരത്തെ സ്പർശിച്ചു. അവൾ വീണ്ടെടുക്കപ്പെട്ടു)[16].

ശ്രീരാമനെ ദൈവീകഗുണങ്ങളുള്ള ഒരു മനുഷ്യനായാണ് രാമായണ മസീഹിൽ ചിത്രീകരിക്കുന്നത്. ഈ കാവ്യത്തിന്റെ ഏറ്റവും പ്രധാന സവിശേഷത, യേശു, മറിയം തുടങ്ങിയ ബൈബിളിലെ കഥാപാത്രങ്ങളെപ്പറ്റി ഉപമാനരൂപത്തിൽ പലേടത്തായി പ്രസ്താവിക്കുന്നു എന്നതാണ്. ഒപ്പം, ഖുർആനും ഇറാനിയൻ സാഹിത്യവുമൊക്കെയായി ബന്ധപ്പെട്ട എണ്ണമറ്റ വാക്കുകളും സൂചനകളും ഈ കാവ്യത്തിൽ ഉപയോഗിക്കുകയും ചെയ്തിട്ടുണ്ട്. രാമായണ പാഠഭേദങ്ങളിൽ മറ്റൊരിടത്തും കാണാത്ത സവിശേഷതയാണിത്.

രാമായണ ഗവേഷകനായ ഫാദർ കാമിൽ ബുൽക്കെ (1909–1982) തന്റെ രാമകഥ: ഉദ്ഭവവും വളർച്ചയും എന്ന കൃതിയിൽ രാമായണ മസീഹിയിലെ പ്രമേയപരമായ ചില സവിശേഷതകൾ വിശകലനം ചെയ്തിട്ടുണ്ട്. അതിൽ പ്രധാനപ്പെട്ടവ ഇവയാണ്: 1) രാവണവധത്തിനു ശേഷം മണ്ഡോദരി സീതയെ രാമന്റെ അടുത്തേക്കു കൊണ്ടുവരികയും രാമൻ സ്വയം സീതയെ അഗ്നിയിലിടുകയും ചെയ്യുന്നു[17].

2) രാമന്റെ സഹോദരി സീതയെ ദശമുഖ രാവണന്റെ ചിത്രം വരയ്ക്കുന്നതിന് പ്രേരിപ്പിക്കുകയും ചിത്രം വരയ്ക്കുകയും സീത രാപകൽ ഈ ചിത്രത്തെ പൂജിക്കുകയാണെന്ന് രാമനോട് പറഞ്ഞിരുന്നു. ഇക്കാരണത്താൽ രാമന് സീതയിൽ സംശയമുണ്ടാക്കുകയും അദ്ദേഹം ജനങ്ങളുടെ അഭിപ്രായം അന്വേഷിക്കുന്നതിനു വേണ്ടി ലക്ഷ്മണനേയും ശത്രുഘ്നനേയും അയക്കുകയും ചെയ്തു. അവർ മടങ്ങി വന്നിട്ട് രാമനെ രജകന്റെ വാർത്ത കേൾപ്പിച്ചു. അപ്പോൾ രാമൻ സീതയെ ഉപേക്ഷിച്ചു[18].

3) രാവണപുത്രിയാണ് സീത. വിശ്വാമിത്രൻസീതയുടെ ജന്മ കഥ കേൾപ്പിക്കുന്നു. ഇതനുസരിച്ച്, രാവണന്റെ അസാന്നിധ്യത്തിൽ മണ്ഡോദരി ഒരു പുത്രിയെ പ്രസവിക്കുന്നു. ഈ ബാലിക തന്റെ പിതാവിന്റെ മരണത്തിന് കാരണഭൂതയായിത്തീരുമെന്നും അവളുടെ വിവാഹം നടക്കുകയാണെങ്കിൽ വനവാസിനിയായി ലങ്കയെ നശിപ്പിക്കുമെന്നും ജന്മപത്രികയിൽ നിന്നും മനസിലാക്കുന്നു. ഇതറിഞ്ഞ രാവണൻ ആ കന്യകയെ മൻജുഷയിൽ അടച്ച് സമുദ്രത്തിലെറിയുന്നതിനാജ്ഞാപിക്കുകയും ജനകന് അതിനെ സമുദ്രതീരത്തു നിന്ന് ലഭിക്കുകയുകയും ചെയ്യുന്നു[19].

4) രാമായണ മസീഹിയനുസരിച്ച് വാല്മീകി ലവകുശയുദ്ധത്തിനു ശേഷം രാമനെ ഉദ്ബുദ്ധനാക്കി. തദനന്തരം രാമൻ സീതയുടെ കുടിലിനു സമീപമെത്തി വിനയപൂർവ്വം ക്ഷമായാചനം നടത്തി. വാല്മീകിയുടെ നിർബ്ബന്ധപ്രകാരം സീത കുടിലിൽ നിന്നും പുറത്തേക്കിറങ്ങി. എന്നാൽ രാമൻ വീണ്ടും പരീക്ഷ നടത്തുന്നതിന് ആഗ്രഹിക്കുന്നതായി കേട്ടപ്പോൾ സീത ശപഥം ചെയ്ത് അവിടെത്തന്നെ ഭൂമിയിൽ അപ്രത്യക്ഷയായി[20].

ഇത്തരം ഒട്ടേറെ പാഠഭേദങ്ങളുള്ള സ്വതന്ത്രമായ രാമായണ പാഠമാണ് രാമായണ മസീഹി.

## ദാരാഷുക്കോവിന്റെ രാമായണം

ഷാജഹാൻ ചക്രവർത്തിയുടെ മൂത്ത മകനായ ദാരാഷുക്കോ (1615 -1659) ബഹുഭാഷാ പണ്ഡിതനും വിവർത്തകനും മഹാജ്ഞാനിയുമായിരുന്നു. ഇസ്‌ലാമിലെ സൂഫി തത്ത്വചിന്തയുടെയും ഹിന്ദുമതത്തിലെ വേദാന്ത ദർശനത്തിന്റെയും സമന്വയമെന്ന ലക്ഷ്യത്തോടെ അദ്ദേഹം രചിച്ച 'രണ്ട് കടലുകളുടെ സംഗമം (മജ്മഉൽബഹ്റൈൻ) എന്ന കൃതി പ്രശസ്തമാണ്. തത്ത്വചിന്തയിലും മിസ്റ്റിസിസത്തിലും തൽപരനായ ദാര, ഇസ്ലാമിനും ഹിന്ദുമതത്തിനുമിടയിൽ ഒരു പൊതു മിസ്റ്റിക് ഭാഷ കണ്ടെത്തുന്നതിന് വളരെയധികം പരിശ്രമിക്കുകയുണ്ടായി.

ഹിന്ദു പുരാണേതിഹാസങ്ങളിലും സംസ്കൃതത്തിലും മറ്റിന്ത്യൻ ഭാഷകളിലെ സാഹിത്യ സമ്പത്തിലും വളരെയധികം താൽപ്പര്യമുണ്ടായിരുന്നു ദാരാഷുക്കോവിന്. അമ്പത് ഉപനിഷത്തുകൾ സംസ്കൃതത്തിൽ നിന്ന് പേർഷ്യനിലേക്ക് അദ്ദേഹം വിവർത്തനം ചെയ്തിട്ടുണ്ട്[21]. ദാരാഷുക്കോവിന്റെ ഉപനിഷദ് വിവർത്തനങ്ങൾ ഏറെ ചർച്ച ചെയ്യപ്പെട്ടിട്ടുണ്ടെങ്കിലും പേർഷ്യൻ ഭാഷയിലേക്ക് അദ്ദേഹം തർജ്ജമ ചെയ്ത രാമായണം അത്രമേൽ പഠനവിധേയമാക്കപ്പെട്ടിട്ടില്ല. ഏറെ പാഠാന്തരങ്ങളുള്ള പരിഭാഷയാണ് ദാരാഷുക്കോവിന്റേത്. തുളസിദാസിന്റെ രാമചരിതമാനസത്തെ ആധാരമാക്കിയുള്ള സ്വതന്ത്ര പദ്യപരിഭാഷയാണിത്. ഈ കൃതിക്ക് രാമായൺ നസം ഖുഷ്താർ എന്നാണ് നാമകരണം ചെയ്തിരിക്കുന്നത്.

ഖുർആനിലെ അധ്യായങ്ങൾ തുടങ്ങുന്നത്, ബിസ്മില്ലാഹിർ റഹ്മാനിർ റഹീം (അളവറ്റ ദയാപരനും കരുണാവാരിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ) എന്ന വാക്യത്തോടെയാണ്. ദാരാഷുക്കോവിന്റെ പരിഭാഷയിലും ഇതേ വാക്യത്തോടെയാണ് രാമായണാധ്യായങ്ങളുടെ തുടക്കം. ദാരയുടെ കാലത്തെ പ്രഗത്ഭരായ ചിത്രകാരന്മാർ വരച്ച രാമായണത്തിലെ നിരവധി കഥാപാത്രങ്ങളുടെ ചിത്രങ്ങളും ഈ കൃതിയിൽ ചേർത്തിട്ടുണ്ട്.

1889-ൽ റാവൽപിണ്ടിയിലെ സിറാജുദ്ദീൻ പ്രസ്സിൽ മുൻഷി ചിരാഗ്ദീൻ (Munshi chiraghdeen) ആണ് പേർഷ്യൻ ഭാഷയിലുള്ള രാമായണത്തിന്റെ ഈ വിവർത്തനം ആദ്യമായി പ്രസിദ്ധീകരിച്ചത്.

വ്യവസായിയായ ഷാം ലാൽ ആംഗ്ദ (Sham Lal Aangda)യുടെ കുടുംബ സ്വത്തായി ഇപ്പോഴും ഈ പരിഭാഷയുടെ കയ്യെഴുത്തുപ്രതി സംരക്ഷിക്കുന്നുണ്ട്. വിവിധ സ്ഥലങ്ങളിലൂടെയും കൈകളിലൂടെയും സഞ്ചരിച്ചാണ് ഒടുവിൽ കാൺപൂരിൽ തുണിക്കച്ചവടക്കാരനായ ഷാംലാൽ വശമിതെത്തെത്തിയത്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ, ജമ്മുവിലെ അദ്ദേഹത്തിന്റെ കുടുംബത്തിന് ലഭിക്കുന്നതിന് മുമ്പ്, ഈ ഗ്രന്ഥം റാവൽപിണ്ടിയിലായിരുന്നു. ലാഹോർ സർവ്വകലാശാലയിൽ വിദ്യാർത്ഥിയായിരിക്കുമ്പോഴാണ് അദ്ദേഹത്തിന്റെ പിതാവ് ആംഗ്ദയുടെ കൈവശം ഈ കൃതി എത്തുന്നത്. ഷംലാലിന്റെ കൈകളിൽ എത്തുംമുമ്പ് ഈ പുസ്തകം വർഷങ്ങളോളം കുടുംബത്തിന്റെ സ്റ്റോർ റൂമിൽ കിടക്കുകയായിരുന്നു. പുസ്തകത്തിന്റെ തലക്കെട്ടിൽ കൈയ്യക്ഷരത്തിൽ 'രാമായൺ' എന്നെഴുതിയിട്ടുണ്ട്[22].

രാമചരിതമാനസത്തെ ആധാരമാക്കിയുള്ള വിവർത്തനമാണെങ്കിലും അങ്ങേയറ്റം സ്വതന്ത്ര പരിഭാഷയാണ് ദാരാഷുക്കോവിന്റേത്. മിസ്റ്റിസിസത്തിൽ തൽപരനായ, ഖാദിരിയ തരീഖത്തിൽ വിശ്വസിച്ചിരുന്ന വ്യക്തി എന്ന നിലയിൽ ദാരയുടെ രാമായണപരിഭാഷയിൽ ഖുർആനിന്റേയും സൂഫീ ദർശനങ്ങളുടെയും സ്വാധീനമുണ്ടാവുക തികച്ചും സ്വാഭാവികമാണ്.

മതവിശ്വാസികൾ തമ്മിലുള്ള സ്പർദ്ധയുടേയും അകൽച്ചയുടേയും അടിസ്ഥാനകാരണം പരസ്പരമുള്ള അറിവില്ലായ്മയാണെന്ന അക്ബർ ചക്രവർത്തിയുടെ തിരിച്ചറിവും അവ പരിഹരിക്കുവാനുള്ള മാർഗ്ഗമെന്ന നിലയിൽ അദ്ദേഹം ആരംഭിച്ച വിവർത്തന പദ്ധതികളും വാസ്തവത്തിൽ ഇന്ത്യൻ ഇതിഹാസങ്ങളേയും പൗരാണിക ഭാരതീയ സാഹിത്യത്തേയും സ്വദേശത്തും വിദേശത്തും പ്രചരിപ്പിക്കുന്നതിൽ അനൽപ്പമായ പങ്ക് വഹിക്കുകയുണ്ടായി. മറ്റൊരർത്ഥത്തിൽ, സംസ്കൃത ബ്രാഹ്മണ കേന്ദ്രിതമായി നിലകൊള്ളുകയും ത്രൈവർണികർക്കിടയിൽ മാത്രം പ്രചാരം നേടുകയും ചെയ്തിരുന്ന വാല്മീകി രാമായണത്തെ അവയ്പേർഷ്യൻ ഭാഷകളിലേക്ക് വിവർത്തനം ചെയ്യുക വഴി കൂടുതൽ ജനകീയമാക്കുകയാണ് മുഗളന്മാർ ചെയ്തത്.


അടിക്കുറിപ്പുകൾ

1.Irfan habeeb(1997) Akbar and his India,NewDelhi, Oxford Universtiy press / 2. വേദവ്യാസൻ, ഭവിഷ്യ പുരാണം, തൃശൂർ ജില്ലാ മുദ്രണ പ്രസിദ്ധീകരണ സഹകരണ സംഘം 1992 / 3.Roy choudhary Makhanlal(1997)(First published 1941)The DinIllahi, or the religion of Akbar (4th edition) New Delhi,Oriental Reprint / 4. കെ.പി.എ. പുന്നോൽ (2010) ശ്രീകൃഷ്ണൻ: ഒരു മുസ്ലിം വായന, വൈറ്റ് ബേർഡ് പബ്ലിക്കേഷൻസ്, കോഴിക്കോട് 1 / 5.Audrey Truschie(2016) Culture of Encounters: Sanskrit at the Mughal court ,Columbia Universtiy press,(Also her PhD thesis: Cosmopolitan Encounters: Sanskrit and Persian at the Mughal court, Columbia Universtiy Academic Commons,2012) / 6. Blochmann,H(Tr.) (1927, Reprint 1993) The AinI.Akbari by AbulFazal Allami,Vol.1, The Asiatic Socitey, Calcutta / 7.B N Goswamy(2020)Art N Soul: Yet another Mughal Ramayana, Sahapedia.org, Abira Bhattacharya, The Visualisation of Ramayana in Mughal paintings under Akbar's ptaronage , Sahapedia.org / 8.Johnseyller, 'A sub imperial Mughal manuscript: The Ramayana of Abdul Rahim Khan khanan'.In Vidya Dehejia, ed.,The legend of Rama: Artistic visions (Bombay:Marg Publications,1994)91,92 / 9.Abira Bhattacharya, The visualisation of Ramayana in Mughal paintings under Akbar's ptaronage, Sahapedia.org / 10.Milo C. Beach, The Imperial Image: Paintings for the Mughal Court (Washington, D.C.: Freer Gallery of Art, 2012), / 11.Abira Bhattacharya, The visualisation of Ramayana in Mughal paintings under Akbar's ptaronage, Sahapedia.org / 12.Gregory Minissale. Images of Thought: Visualtiy in Islamic India 1550-1750. UK: Cambridge Scholars Press, 2006. / 13.Abira Bhattacharya, The visualisation of Ramayana in Mughal paintings under Akbar's ptaronage, Sahapedia.org / 14.Rana Safvi-Persian Ramayanas,http://blog.tehelka.com/persianramayanas/ / 15. ഫാദർ കാമിൽ ബുൽക്കെ (1978) രാമകഥ: ഉദ്ഭവവും വളർച്ചയും, പുറം.257, കേരള സാഹിത്യ അക്കാദമി / 16.Rana SafviPersian Ramayanas,http://blog.tehelka.com/persianramayanas// 17.ഫാദർ കാമിൽ ബുൽക്കെ (1978) രാമകഥ: ഉദ്ഭവവും വളർച്ചയും, പുറം. 599, കേരള സാഹിത്യ അക്കാദമി / 18. അതേ പുസ്തകം: പുറം.659 / 19. അതേ പുസ്തകം: പുറം.257,359 / 20.അതേ പുസ്തകം: പുറം.674. / 21.Mukhia, Harbans (2009). The Mughals of India. Wiley India Pvt. Limited, Eraly, Abraham (2004). The Mughal Throne: The Saga of India's Great Emperors. Phoenix, London. / 22.NA Ansari,Rama and Ramayana popularised by Mughals,Milli Gazette, / 14January 2012. / Arjun Sharma, Rare Persian Ramayan starts with the words Bismillah, India Today, 11 December,2011


Scanned with CamScanner